"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ഇണ്ടാസ് നം: E3-31118/2021/PrHQ ; തീയതി : 02-02-2022

പതിനൊന്നാം ശമ്പള പരിഷ്കരണത്തെത്തുടർന്ന്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ SLI പോളിസിയുടെ പ്രതിമാസ പ്രീമിയം തുക, പ്രതിമാസ വരുമാനത്തിനനുസരിച്ച് സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. പുതുക്കിയ നിരക്ക് ഒടുക്കുന്നതിനുള്ള സമയപരിധി 31/03/2022 വരെ ദീർഘിപ്പിച്ച് "01/02/2022 തീയതിയിലെ സ.ഉ.(അ) നം.10/2022/ധന" പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

പ്രസ്തുത ഉത്തരവ് അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ശ്രീകുമാർ വി
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : 1. **എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും.**
2. ചീഫ് ഓഡിറ്റ് ഓഫീസർ.
3. അക്കൌണ്ട്സ് ഓഫീസർ.
4. എ1 സീറ്റ് ജയിലാസ്ഥാനകാര്യാലയം.

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് -സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക- പ്രതിമാസ വരുമാനത്തിനനുസരിച്ച് -പുതുക്കിയ നിരക്ക് -ഒടുക്കുന്നതിനുള്ള സമയപരിധി 31/03/2022 വരെ ദീർഘിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(അ) നം. 10/2022/ധന** **തിരുവനന്തപുരം, തീയതി: 01/02/2022**

പരാമർശം: - 1) സ.ഉ.(പി) നം. 840/88/ധന, തീയതി 16/11/1988.

2) സ.ഉ.(പി) നം. 1267/99/ധന, തീയതി 05/04/1999.

3) സ.ഉ.(പി).നം. 27/2021/ധന, തീയതി: 10/02/2021

4 സ.ഉ.(അ).നം. 159/2021/ധന, തീയതി: 30/11/2021

5) സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടറുടെ 20/01/2022 തീയതിയിലെ ഇൻഷ്വ/ ഡെവ.വിംഗ്/ഡി.വി.3/ടി 002103253-നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ എല്ലാ ജീവനക്കാരുടെയും എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക 01/02/2022 മുതൽ (2022 ജനുവരി മാസത്തെ ശമ്പളം) പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം ഗണ്യമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും കോവിഡിന്റെ ശക്തമായ സാന്നിദ്ധ്യം നിലനിൽക്കുന്നതിനാലും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക പുതുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന് ഇൻഷ്വറൻസ് ഡയറക്ടർ പരാമർശം (5) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക പുതുക്കിയ നിരക്ക് പ്രകാരം ഒടുക്കുന്നതിനുള്ള സമയപരിധി രണ്ട് മാസത്തേക്ക് കൂടി (31/03/2022-വരെ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ മറ്റെല്ലാ വ്യവസ്ഥകളും നിലനിൽക്കുന്നതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും ,ഓഫീസർമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധ സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ,എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം (With CL)
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം (With CL)
എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർക്ക് (With CL)
രജിസ്ട്രാർ,കേരള ലോകായുക്ത,തിരുവനന്തപുരം
രജിസ്ട്രാർ,കേരള കേരളകാർഷിക സർവ്വകലാശാല,മണ്ണുത്തി,തൃശ്ശൂർ (With CL)
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ,തിരുവനന്തപുരം (എല്ല സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.)
സെക്രട്ടറി ,ഓംബുഡ്സ്മാൻ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ ,കേരളം ,എറണാകുളം, (With CL)
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും
നിയമസഭാ സ്പീക്കറുടെയും ,ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
സെക്രട്ടറി,മനുഷ്യാവകാശ കമ്മിഷൻ,തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ,കേരളം,തിരുവനന്തപുരം
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ,തിരുവനന്തപുരം
സ്പാർക്ക്,ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ (ഫയൽ നം.എസ്റ്റാ-ഡി2/96/2021/ധന,ഇ 1853922)
ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ